പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1587          22.03.2013 - ൽ മറുപടിയ്ക്ക്

**ശ്രുതിതരംഗം പദ്ധതി**

ചോദ്യം                                                       ഉത്തരം

ശ്രീ. വി. ഡി. സതീശൻ
,, എം. എ. വാഹീദ്
,, കെ. ശിവദാസൻ നായർ
,, പി. സി. വിഷ്ണുനാഥ്

**ഡോ. എം.കെ. മുനീർ**
(ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | ശ്രുതിതരംഗം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം എന്തെല്ലാം; വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ ജന്മനാ ബധിരരും മൂകരുമായ കുട്ടികൾക്ക് കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി നടത്തി രണ്ട് വർഷം നീണ്ടു നിൽക്കുന്ന ആഡിറ്ററി വെർബൽ ഹബിലിറ്റേഷനിലൂടെ കുട്ടികളുടെ ശ്രവണ ശേഷിയും സംസാര ശേഷിയും വീണ്ടെടുക്കുകയെന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. |
| (ബി) | പിഞ്ചു കുട്ടികളെ ശസ്ത്രക്രിയയിലൂടെ ശബ്ദത്തിന്റെ ലോകത്തിലേയ്ക്ക് കടത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | മൂന്ന് വയസ്സുവരെ പ്രായമുള്ള കുട്ടികളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെങ്കിലും ഈ രംഗത്തെ വിദഗ്ദ്ധരടങ്ങിയ റീജിയണൽ ടെക്നിക്കൽ കമ്മിറ്റി / സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ കമ്മിറ്റികൾ സർജറി ചെയ്താൽ വിജയ സാധ്യതയുണ്ടെന്ന് വിലയിരുത്തുന്ന 5 വയസ്സുവരെയുള്ള കുട്ടികൾക്കും പദ്ധതി ആനുകൂല്യം അനുവദിക്കുന്നു. സർജറിക്കായി തിരഞ്ഞെടുക്കുന്ന മുറയ്ക്ക് എംപാനൽ ചെയ്യപ്പെട്ട സർക്കാർ/ സ്വകാര്യ ആശുപത്രികളിലൂടെ കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി നടത്തി നൽകുന്നു. സർജറിക്കു ശേഷം രണ്ട് വർഷം നീണ്ടു നിൽക്കുന്ന ആഡിയോ വെർബൽ ഹബിലിറ്റേഷനുള്ള സൗകര്യവും സർജറി പൂർത്തീകരിച്ച ആശുപത്രികളിൽ ഒരുക്കിയിട്ടുണ്ട്. |
| (സി) | ഏതെല്ലാം ഏജൻസിയുടെ സഹായത്തോടെയാണ് പദ്ധതി പ്രവർത്തിക്കുന്നത്; വിശദമാക്കുമോ; | (സി) | സാമൂഹ്യനീതി വകുപ്പിനുവേണ്ടി കേരള സാമൂഹ്യ സുരക്ഷാ മിഷൻ ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ സഹകരണത്തോടെ പദ്ധതി നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | ഇതിനായി എന്തെല്ലാം കാര്യ ങ്ങൾ ചെയ്തിട്ടുണ്ട്; വിശദാംശ ങ്ങൾ എന്തെല്ലാമാണ് ? | (ഡി) | ശ്രുതിതരംഗം പദ്ധതിയുടെ നടത്തി പ്പിനായും അവലോകനത്തിനായും പ്രത്യേകം കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. അപേക്ഷകളുടെ പരിശോധനയ്ക്കായും തെരഞ്ഞെടുപ്പിനായും മൂന്ന് റീജിയണൽ ലെവൽ ടെക്നിക്കൽ കമ്മിറ്റിയും ഒരു സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ കമ്മിറ്റിയും പദ്ധതിയുടെ അവലോകനത്തിനായി ഒരു എംപ വേർഡ് കമ്മിറ്റി, ഒരു സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റി എന്നിവയും എംപാനൽ ചെയ്യുന്ന ആശുപത്രികളുടെ പരിശോധനക്കായി മൂന്ന് റീജിയണൽ ഇൻസ്പെക്ഷൻ കമ്മിറ്റിയും രൂപീകരിച്ചി ട്ടുണ്ട്. |

R. Vijayan

സെക്ഷൻ ഓഫീസർ